ഭരണഭാഷ - മാതൃഭാഷ

നമ്പർ കെ 2/34498/2018/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം - 33
തീയതി : 17/05/2019
ഫോൺ : 0471 2303107

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - പ്രതിമാസ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിന് പരിശീലനം നൽകുന്നത്- സംബന്ധിച്ച്.

സൂചന:- 24/07/2018 ലെ നമ്പർ 885627/ആർ.എം,.ബി2/2018/ധന നമ്പർ സർക്കാർ കത്ത്.

പ്രതിമാസ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ ഈ വകുപ്പിന് കീഴിലെ ഭൂരിപക്ഷം സ്ഥാപനമേധാവിമാരും വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇതുമൂലം വകുപ്പുമായി ബന്ധപ്പെട്ട പ്രതിമാസ നികുതിയേതര വരുമാനം സർക്കാരിനെ അറിയിക്കുന്നതിന് കഴിയുന്നില്ല. സർക്കാരിലേയ്ക്ക് പ്രതിമാസ ഡി.സി.ബി. നൽകാത്തതിനാൽ സർക്കാരിന് പ്രതിമാസ അവലോകനം നടത്തുന്നതിന് സാധിക്കുന്നില്ല,

പ്രതിമാസ ഡി.സി.ബി. തയ്യാറാക്കുന്നതിൽ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് വേണ്ടത്ര പരിജ്ഞാനമില്ലാത്തതിനാലാണ് ഡി.സി.ബി.ലഭ്യമാക്കുന്നതിൽ വീഴ്ച വരുന്നത് എന്ന് കാണുകയാൽ വകുപ്പിന് കീഴിലുള്ള എല്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലേയും ഗവൺമെന്റ് ആർട്സ്&സയൻസ് /സംഗീത/ട്രെയിനിംഗ്/ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളിലേയും ഹോസ്റ്റലുകളിലേയും ഡി.സി.ബി. തയ്യാറാക്കേണ്ട ചുമതലയുള്ള ജീവനക്കാർക്ക് മെയ്മാസം 28-ാം തീയതി 10 മണിമുതൽ 1 മണിവരെ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ വച്ച് പരിശീലനം നൽകുന്നതാണ്. ഓഫീസ് മേധാവികൾ ബന്ധപ്പെട്ട ജീവനക്കാരെ പരിശീലനപരിപാടിയിൽ പങ്കെടുക്കുന്നതിനായി വിടുതൽ ചെയ്യേണ്ടതും എല്ലാ ജീവനക്കാരും പ്രസ്തുത പരിപാടിയിൽ വീഴ്ച വരുത്താതെ പങ്കെടുക്കേണ്ടതുമാണ്.

ഒപ്പ്/-
ഹരിത വി. കുമാർ. ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്-
വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

//അംഗീകാരത്തോടെ//

Prema.B

സൂപ്രണ്ട്

ജയ/17/5/19

GOVERNMENT OF KERALA 2017-18